ഉത്തരം

(എ) ഇല്ല. പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ 3 താലൂക്കുകളിലെ പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ കട്ടപ്പന, തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി. കൊല്ലം ജില്ലയിലെ പുനലൂർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കണ്ണൂർ ജില്ലയിലെ ഇരിട്ടി എന്നീ 5 താലൂക്കുകളിൽ നേരത്തേതന്നെ താലൂക്ക് ആശുപത്രി ഉണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നീ 4 താലൂക്കുകളിൽ ആശുപത്രി ആരംഭിച്ചിട്ടില്ല.

(ബി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി 37 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ശിപാർശ പൂർണ്ണമായിരുന്നില്ല. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ പത്തനാപുരം എന്നീ താലൂക്കുകളിൽ താലൂക്കാശുപത്രി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ചിപ്സ് പദ്ധതി

4(2472) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെല്ലാം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ അണുബാധമൂലം എത്ര ഗർഭിണികൾ മരണപ്പെട്ടിട്ടുണ്ട്;

(സി) ഇതേ കാലയളവിൽ അണുബാധ കാരണമായി എത്ര കുഞ്ഞുങ്ങൾ മരണപ്പെട്ടിട്ടുണ്ട്;

(ഡി) സർക്കാർ ആശുപത്രികളിലെ അണുബാധാ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന "ചിപ്സ് പദ്ധതി" ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത്;

GPM. 2/242/2020-11

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതി ആരംഭിച്ചത് എപ്പോഴാണ്;

(എഫ്) ചിപ്സ് പദ്ധതിപ്രകാരം അണുബാധ നിയന്ത്രണത്തിനും ശുചീകരണത്തിനുമായി നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) അണുബാധമൂലം ഗർഭിണികൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) അണുബാധ കാരണമായി കുഞ്ഞുങ്ങൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി-എഫ്) സർക്കാർ ആശുപത്രികളിലെ അണുബാധ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി ചിപ്സ് എന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി 5-2-2015-ലെ സ.ഉ.(ആർറ്റി.) നമ്പർ 537/2015/ആ.ക.വ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിനായി തുക 2014-15-ൽ വകയിരുത്തിയിട്ടില്ല.

മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിൽ നടത്തിയ പരിശോധന

5 (2473) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡ് ശബരിമലയിലെ മലിനീകരണവുമായി ബന്ധപ്പെട്ട് പമ്പയിൽ നടത്തിയ പരിശോധനയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കുളിവെള്ളത്തിലും കുടിവെള്ളത്തിലും കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ അളവ് എത്ര വീതമാണെന്നും പുതിയ പരിശോധനയിൽ അത് എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(സി) പമ്പയിലെയും അനുബന്ധ ജലാശയത്തിലെയും ഇപ്പോഴത്തെ കോളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിക്കുന്നതിനും ജനങ്ങൾക്ക് അതുസംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly